**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **15-03-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവൺമെൻറ് ആർട്സ് ആന്റ് സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്ത് സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ ഇതുവരെയുണ്ടായ പുരോഗതി വിശദമാക്കാമോ; ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ നടന്നിട്ടുള്ളതെന്നും ഇനി നടത്തേണ്ടതായ നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ സർക്കാർ കോളേജിന് വേണ്ടി പൂക്കോട്ടു പാടത്ത് കണ്ടെത്തിയ സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. കണ്ടെത്തിയ ഭൂമി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനായി GO(Rt)No.325/2021/HEDN DATED 19/02/2021 ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭരണാനുമതിയും GO(Rt)No.2583/RD DATED 09/08/2021 ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യ മായി വരുന്ന തുകയും അത് അടവാക്കേണ്ട അക്കൗണ്ട് വിവരങ്ങളും സംബന്ധിച്ച് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിപ്പ് ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച് തുക കൈമാറുന്നതും ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് റവന്യൂ വകുപ്പിലേക്ക് അടവാക്കേണ്ട കണ്ടിജൻസി ചാർജ് എത്രയെന്ന് അറിയിക്കാമോ; ഈ തുക റവന്യൂ വകുപ്പിന് കൈമാറുന്നതിനായി നടത്തിയ നടപടികൾ വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിന് ചിലവാകുന്ന തുകയുടെ 5% അല്ലെങ്കിൽ 5000000/- (അൻപത് ലക്ഷം രൂപയാണ് (ഏതാണോ കുറവ്) ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിജൻസി ചാർജ് ആയി നൽകേണ്ടത്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായി വരുന്ന കണ്ടിജൻസി ചാർജ് ഉൾപ്പെടെയുള്ള തുകയുടെ അറിയിപ്പ് ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കിയ ശേഷം തുക റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) | കണ്ടിജൻസി ചാർജ് അനുവദിക്കേണ്ടത് കോളേജ് വിദ്യാഭ്യാസ വകുപ്പാണോ അല്ലെങ്കിൽ ഫണ്ടിംഗ് | (സി) | കണ്ടിജൻസി ചാർജിന് ആവശ്യമായ തുക കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | ഏജൻസിയായ കിഫ്ബി ആണോ എന്നറിയിക്കാമോ; കണ്ടിജൻസി ചാർജ് അടവാക്കുന്ന കാര്യത്തിൽ കിഫ്ബിയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രസ്തുത കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്തെ സ്ഥലം ഏറ്റെടുക്കാനാകുമെന്ന് അറിയിക്കാമോ; | (ഡി) | ജില്ലാ കളക്ടറുടെ കാര്യാലയത്തിലുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി തുക കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശം ലഭ്യമാകുകയും കിഫ്ബി ഫണ്ട് കൈമാറുകയും ചെയ്താൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഇ) | നാല് വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന ഗവ. കോളേജിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നാളിതുവരെ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | നിലമ്പൂരിന്റെ പ്രഥമ എം.എൽ.എ.യും ജനപ്രതിനിധിയായിരിക്കുമ്പോൾ രക്തസാക്ഷിയുമായ കെ. കുഞ്ഞാലിയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ പേര് നിലമ്പൂർ ഗവ. കോളേജിന് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| നം. | ശീർഷകം | തുക | | | |
|---|---|---|---|---|---|
| | | 2018-19 | 2019-20 | 2020-21 | 2021-22 |
| 1 | 2202-03-103-94 - പുതിയ കോഴ്സുകൾ ആരംഭിക്കുക | 6,00,000 | -- | -- | -- |
| 2 | 2202-03-103-76 – ലാബ് ലൈബ്രറി വികസനം | 2,10,588 | 2,18,914 | 2,02,731 | 16,00,000 |
| 3 | 2202-03-103-50 - അടിസ്ഥാന സൗകര്യ വികസനം | -- | -- | 68136 | 6,99,495 |
| 4 | 2202-03-103-52 – ക്വാളിറ്റി എൻഹാൻസ്മെന്റ് | -- | -- | 7,22,750 | 25,57,000 |
| | **ആകെ** | 8,10,588 | 2,18,914 | 9,93,617 | 48,56,495 |
| | **ആകെ മൊത്തം** | **68,79,614** | | | |

**സെക്ഷൻ ഓഫീസർ**